⇨ *മീനാക്ഷിപുരം പൊലീസാണ് കൊക്കക്കോളയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്* ⇨

**പ്ലാച്ചിമട** സമരം തുടങ്ങി 14 വർഷത്തിന് ശേഷം കൊക്കക്കോള കമ്പനിക്കെതിരെ ആദ്യമായി ഒരു ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നു. പ്ലാച്ചിമടയിലെ ഏരവാളർ വിഭാഗത്തിൽപ്പെട്ട തദ്ദേശീയ ആദിവാസി സമൂഹത്തിന്റെ കുടിവെള്ള സ്രോതസ്സ് മലിനീകരിച്ചതിന്റെ പേരിലാണ് മീനാക്ഷിപുരം പൊലീസ് പട്ടികജാതി- പട്ടികവർഗ്ഗ (അതിക്രമ നിരോധന) നിയമം 1989 പ്രകാരം കമ്പനിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ ഉപയോഗിച്ചുവരുന്ന ജലസ്രോതസ്സുകൾ മലിനമാക്കി ഉപയോഗശൂന്യമാക്കുന്നത് തടഞ്ഞുകൊണ്ടുള്ള വകുപ്പാണ് കമ്പനിക്കെതിരെ ചുമത്തിയിരിക്കുന്നത്. പട്ടികജാതി- പട്ടികവർഗ്ഗ (അതിക്രമ നിരോധന) നിയമ പ്രകാരം ഒരു ബഹുരാഷ്ട്ര കമ്പനിക്കെതിരെ കേസെടുക്കുന്നത് ഇന്ത്യയിൽ തന്നെ ആദ്യമായാണ്. പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിക്ക് സമീപമുള്ള വിജയനഗർ, പ്ലാച്ചിമട കോളനിയിലെ നാൽപ്പതോളം പേർ ചേർന്ന്

## പട്ടികജാതി -പട്ടിവർഗ്ഗ അതിക്രമ നിരോധന നിയമം:

# കൊക്കക്കോളയ്ക്ക് താക്കീതുമായി വീണ്ടും പ്ലാച്ചിമട ജനത

പ്ലാച്ചിമടയിലെ തദ്ദേശീയരായ ആദിവാസി ജനത നൽകിയ പരാതിയെ തുടർന്ന് പട്ടികജാതി- പട്ടികവർഗ്ഗ (അതിക്രമ നിരോധന) നിയമപ്രകാരം കൊക്കക്കോള കമ്പനിക്കെതിരെ മീനാക്ഷിപുരം പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിരിക്കുകയാണ്. കൊക്കക്കോളയ്ക്കെതിരെ ഇന്ത്യയിൽ തന്നെ രജിസ്റ്റർ ചെയ്യപ്പെടുന്ന ആദ്യത്തെ ക്രിമിനൽ കേസാണ് ഇത്. എന്തെല്ലാമാണ് ഇതിന്റെ തുടർ സാദ്ധ്യതകൾ? പ്രതിഫലനങ്ങൾ?

**നീതുദാസ്**

2015 ഏപ്രിൽ മാസം നൽകിയ പരാതിയിന്മേലാണ് ഇപ്പോൾ പോലീസ് പ്രഥമ വിവര റിപ്പോർട്ട് (എഫ്.ഐ.ആർ) തയ്യാറാക്കി അന്വേഷണം ആരംഭിച്ചിരിക്കുന്നത്.

2000 മുതൽ 2004 വരെ പ്ലാച്ചിമടയിൽ പ്രവർത്തിച്ചിരുന്ന കൊക്കക്കോള കമ്പനി കാരണം തങ്ങളുടെ കുടിവെള്ള സ്രോതസ്സുകൾ മലിനമാവുകയും ഉപയോഗയോഗ്യമല്ലാതാവുകയും ചെയ്തെന്ന് ഇവർ പരാതിയിൽ ചൂണ്ടിക്കാണിക്കുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന കൊക്കക്കോള കമ്പനിയുടെ ഭാഗമായ ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡിന് തങ്ങളുടെ ഉത്പാദനപ്രക്രിയയുടെ ദോഷവശങ്ങളെയും അതുണ്ടാക്കുന്ന മലിനീകരണത്തെയും സംബന്ധിച്ച് വ്യക്തമായ അറിവുള്ളതാണെന്നും കമ്പനി പ്രവർത്തിക്കുന്ന പല സ്ഥലങ്ങളിലും ഇതേ കാരണത്താൽ തദ്ദേശവാസികൾ സമരത്തിലാണെന്നും പരാതിയിൽ പറയുന്നു. കമ്പനി ബോധപൂർവ്വം തങ്ങളുടെ കുടിവെള്ളം മുട്ടിച്ചതിനാലും രോഗികളാക്കിയതിനാലും ജീവിതം വഴിമുട്ടിച്ചതിനാലും കമ്പനിയുടെ പ്ലാച്ചിമട പ്ലാന്റ് തലവൻ, കൊച്ചി ആസ്ഥാനമായുള്ള കേരള റീജ്യണൽ തലവൻ, ഡൽഹി നോയ്ഡ ആസ്ഥാനമായുള്ള അഖിലേന്ത്യാ തലവൻ എന്നിവർക്കെതിരെ ക്രിമിനൽ നടപടി കൈക്കൊള്ളണമെന്നായിരു

ന്നു പരാതിക്കാരുടെ ആവശ്യം.

2009ൽ പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി കാരണമുണ്ടായ നാശനഷ്ടങ്ങൾ പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതി ചുമതലയേൽക്കുകയും പഠനം തുടങ്ങുകയും ചെയ്ത സമയത്താണ് പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമ നിരോധന) നിയമത്തിന്റെ സാദ്ധ്യതകളെക്കുറിച്ചുള്ള ചർച്ച പ്ലാച്ചിമടയിൽ ആരംഭിക്കുന്നത്. ഉന്നതാധികാര സമിതി റിപ്പോർട്ടിൽ കമ്പനി ലംഘിച്ചതായി പറയുന്ന നിയമങ്ങളുടെ കൂട്ടത്തിൽ ഈ നിയമവും ഉൾപ്പെടുത്തിയിരുന്നു. പ്ലാച്ചിമടയിലെ നാശനഷ്ടങ്ങൾക്ക് കമ്പനി 216 കോടി രൂപയെങ്കിലും നഷ്ടപരിഹാരമായി തദ്ദേശീയ ജനതക്ക് നൽകേണ്ടിവരുമെന്ന് കണക്കാക്കിയ ഈ റിപ്പോർട്ട് എസ്.സി-എസ്.ടി കേസിലും ശക്തമായ രേഖയായി ഉപയോഗിക്കാമെന്ന് ഉന്നതാധികാര സമിതി അംഗമായിരുന്ന റിട്ട. ജസ്റ്റിസ് ടി.കെ. രാമൻ പറയുന്നു.

2011 ഫെബ്രുവരിയിൽ കേരള നിയമസഭ പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ചതായി അറിയിച്ചുകൊണ്ട്, 2015 ഡിസംബറിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രസ്തുത ബില്ല് സംസ്ഥാനത്തേക്ക് തിരിച്ചയച്ചിരിക്കുകയാണ്. ഉന്നതാധികാര സമിതി നിർദ്ദേശിച്ച നഷ്ടപരിഹാരം കൊക്കക്കോളയിൽ നിന്നും ഈടാക്കുന്നതിനായി ഒരു പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കുക എന്നത് തുടർച്ചയായി തടസ്സപ്പെട്ടുകൊണ്ടിരിക്കുകയാണ്. ട്രിബ്യൂണൽ എന്ന സാദ്ധ്യത അനിശ്ചിതത്വത്തിലായതിനെ തുടർന്നാണ് പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമ നിരോധന) നിയമത്തിലൂടെ നീതി ലഭ്യമാകുമോ എന്ന ആലോചനയിലേക്ക് പ്ലാച്ചിമടക്കാർ എത്തിയത്. പ്ലാച്ചിമടക്കാർ പരാതി ഉന്നയിച്ചിട്ടും കൊക്കക്കോളയ്ക്കെതിരെ കേസെടുക്കാൻ ആദ്യം പോലീസ് തയ്യാറായിരുന്നില്ല. പരാതി കൊടുക്കാൻ ചെന്ന സമരപ്രവർത്തകരോട് കാര്യങ്ങൾ കൂടുതൽ അന്വേഷിച്ചു മാത്രമേ എന്തെങ്കിലും നടപടിയെടുക്കാൻ കഴിയുകയുള്ളൂവെന്നാണ് അന്നത്തെ മീനാക്ഷിപുരം സബ്ബ് ഇൻസ്പെക്ടർ പ്രതികരിച്ചത്. "ഞങ്ങൾക്കെതിരെ ഇഷ്ടം പോലെ കേസുകളെടുത്ത നിങ്ങൾക്ക് എന്തുകൊണ്ടാണ് കമ്പനിക്കെതിരെ ഇതുവരേക്കും ഒരു കേസ് പോലും എടുക്കാൻ കഴിയാതിരുന്നത്" എന്ന് ഞങ്ങൾ തിരിച്ചുചോദിച്ചു; സമരപ്രവർത്തകനായ ശക്തിവേൽ പറയുന്നു. എന്നാൽ പരാതി ഫയലിൽ സ്വീകരിച്ച ശേഷവും തുടർനടപടികൾക്ക് പൊലീസ് കൂട്ടാക്കിയിരുന്നില്ല. തുടർന്ന് 2015 ആഗസ്ത് 9ന് സമരസമിതി പാലക്കാട് എസ്.പി ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി.

"പരാതിയിൽ നടപടിയെടുക്കാത്തത് എന്തുകൊണ്ടാണെന്ന് അന്വേഷിച്ചപ്പോൾ യാതൊരു അടിസ്ഥാനവുമില്ലാത്തതും കൊക്കക്കോള ഉന്നയിക്കുന്നതുമായ തടസ്സവാദങ്ങൾ തന്നെയാണ് മീനാക്ഷിപുരം സബ്ബ് ഇൻസ്പെക്ടറും പറഞ്ഞത്." ഉന്നതാധികാര സമിതി അംഗവും പരിസ്ഥിതി ശാസ്ത്രജ്ഞനുമായ എസ്. ഫൈസി പറയുന്നു. "കമ്പനി ഇത് മനപ്പൂർവ്വം ചെയ്തതല്ലെന്നും മനപ്പൂർവ്വമാണെങ്കിലേ കേസെടുക്കാൻ കഴിയുകയുള്ളൂവെന്നുമായിരുന്നു എസ്.ഐയുടെ മറുപടി. ഉന്നതാധികാര സമിതി റിപ്പോർട്ട്, കിണർ മലിനീകരിക്കപ്പെട്ടതിന്റെ റിപ്പോർട്ട്, സുപ്രീം കോടതി മോണിറ്ററിങ് കമ്മിറ്റിയുടെ നിർദേശങ്ങൾ, ഭൂഗർഭ ജലവകുപ്പിന്റെ നിർദേശങ്ങൾ തുടങ്ങിയ രേഖകൾ അന്ന് പരാതിയുടെ കൂടെ സമർപ്പിച്ചിരുന്നു. എന്നാൽ ഉന്നതാധികാര സമിതി റിപ്പോർട്ടിനെക്കുറിച്ച് എസ്.ഐ കേട്ടിട്ടുപോലുമില്ല. അദ്ദേഹം കമ്പനിക്ക് അനുകൂലമായി സംസാരിച്ചതിൽ നിന്നും കമ്പനിയുടെ കൈകടത്തൽ അവിടെയും നടന്നിട്ടുണ്ടെന്ന് വ്യക്തമാകുന്നു." എസ്. ഫൈസി അഭിപ്രായപ്പെട്ടു. ഈ നിയമപ്രകാരം ചെയ്യേണ്ട നടപടികളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരനല്ലാത്ത സർക്കാർ ഉദ്യോഗസ്ഥൻ മനപ്പൂർവ്വം ഉപേക്ഷ കാണിക്കുകയാണെങ്കിൽ അതിന് ആറ് മാസം മുതൽ ഒരു വർഷം വരെ ജയിൽ ശിക്ഷ ലഭിക്കുമെന്ന വകുപ്പുപോലുമുണ്ടായിട്ടാണ് പൊലീസിന്റെ ഭാഗത്ത് നിന്ന് ഇത്തരത്തിലൊരു പ്രതികരണം.

കേസ് രജിസ്റ്റർ ചെയ്യാൻ പൊലീസ് വിമുഖത കാണിക്കുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട് സമരസമിതി സംസ്ഥാന-ദേശീയ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷനുകൾക്ക് പരാതി നൽകി. കമ്മീഷൻ വിഷയത്തിൽ ഇടപെടണമെന്നും കേസ് രജിസ്റ്റർ ചെയ്യാൻ തയ്യാറാകാതിരുന്ന പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്നും അന്വേഷണത്തിനായി ഒരു പ്രത്യേക സംഘത്തെ നിയോഗിക്കണമെന്നുമായിരുന്നു പരാതിയുടെ ആവശ്യം. ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ പരാതിയിന്മേൽ നടപടിയെടുക്കുകയും കേസെടുക്കാൻ പാലക്കാട് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിനെ തുടർന്നാണ് മീനാക്ഷിപുരം സബ്ബ് ഇൻസ്പെക്ടർ വി.എസ്. ശ്യാംകുമാർ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. "തങ്ങളുടെ ഉത്പാദനപ്രക്രിയയുടെ ദോഷവശങ്ങളെക്കുറിച്ച് വ്യക്തമായ അറിവോടുകൂടി അമിതജലചൂഷണം നടത്തിയും ഖരമാലിന്യങ്ങൾ അലക്ഷ്യമായി സൂ

ക്ഷിച്ചും പ്ലാച്ചിമടയിൽ താമസിക്കുന്ന ഏരവാളർ വിഭാഗത്തിൽപ്പെടുന്ന പട്ടികവർഗ്ഗക്കാരുടെ ഏക കുടിവെള്ള സ്രോതസ്സായ പഞ്ചായത്ത് കിണറും പരാതിക്കാരുടെ കിണറുകളും ഉപയോഗിക്കാനാവാത്ത വിധം മലിനപ്പെടുത്തിയത് വഴി കൊക്കക്കോള കമ്പനി പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമ നിരോധന) നിയമം 1989ന്റെ ലംഘനം നടത്തി"യതായാണ് പ്രഥമ വിവര റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അതിക്രമത്തിന് ഇരയാകുന്നവർക്ക് അതിനുള്ള പരിഹാരവും നീതിയും ലഭ്യമാക്കാനുള്ള പ്രക്രിയകൾ വേഗപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് 1989ലെ എസ്.സി-എസ്.ടി ആക്ടിന് 2015ൽ ഭേദഗതി ഉണ്ടാകുന്നത്. ഭേദഗതി പ്രകാരം അന്വേഷണം പൂർത്തിയാക്കി 60 ദിവസത്തിനുള്ളിലാണ് ചാർജ് ഷീറ്റ് സമർപ്പിക്കേണ്ടത്. വിശദമായ അന്വേഷണത്തിനും രേഖകളുടെ പരിശോധനക്കും ശേഷം ആവശ്യമെങ്കിൽ കമ്പനി ഉദ്യോഗസ്ഥരെ ഹാജരാക്കി ചോദ്യം ചെയ്യുമെന്ന് മീനാക്ഷിപുരം സബ്ബ് ഇൻസ്പെക്ടർ മാദ്ധ്യമങ്ങളോട് പറഞ്ഞു. "പ്രഥമവിവര റിപ്പോർട്ടിൽ പറയുന്നതുപോലെ കമ്പനി മനഃപൂർവ്വമായി കുടിവെള്ള സ്രോതസ്സുകൾ മലിനീകരിച്ചിട്ടുണ്ട് എന്നത് ഇതിനകം നിരവധി പഠനങ്ങളിലൂടെ വ്യക്തമായിട്ടുള്ള കാര്യമാണ്. ലെഡ്, കാഡ്മിയം തുടങ്ങിയ മാരകമായ ഘനലോഹങ്ങളാണ് പ്ലാച്ചിമടയിലെ മലിനീകരണത്തിന് കാരണമായത്. എന്നാൽ ഇതിന് മാരകമാലിന്യ ചട്ടങ്ങൾ പ്രകാരം കമ്പനി യാതൊരു അനുമതിയും വാങ്ങിച്ചിരുന്നില്ലെന്ന് മാത്രമല്ല, ഉത്പാദനത്തിന്റെ ഭാഗമായി ഇത്തരം മാരകവസ്തുക്കൾ പുറന്തള്ളപ്പെടുമെന്ന വിവരം മറച്ചുവെക്കുകയും ചെയ്തു. ഇതിനെത്തുടർന്നാണ് പഞ്ചായത്തും മലിനീകരണ നിയന്ത്രണ ബോർഡും കമ്പനിക്ക് പ്രവർത്തിക്കാനുള്ള അനുമതി നിഷേധിച്ചത്. കമ്പനിയുടെ പങ്ക് തെളിയിക്കപ്പെടുകയാണെങ്കിൽ ചുമതലപ്പെട്ടവർക്ക് ആറ് മാസം മുതൽ അഞ്ച് വർഷം വരെ തടവുശിക്ഷയും പിഴയുമാണ് ചുമത്താനാവുക. എന്നാൽ ഇത്തരം തെളിവുകളുടെയോ അനുബന്ധ രേഖകളുടെയോ അഭാവത്തിലും പരാതി മുഖവിലക്കെടുക്കുന്നു എന്നതാണ് എസ്.സി-എസ്.ടി ആക്ടിലെ ഇളവ്. അതിനാൽ തന്നെ തങ്ങളുടെ കുടിവെള്ളം കൊക്കക്കോള ഫാക്ടറി മലിനീകരിച്ചു എന്ന് പ്ലാച്ചിമടയിലെ ആദിവാസികൾ പരാതിപ്പെട്ടാൽ അത് അങ്ങനെയല്ലെന്ന് തെളിയിക്കേണ്ടത് കമ്പനിയുടെ മാത്രം ബാധ്യതയാണ്."പ്ലാച്ചിമടയിലെ നിയമപ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്ന അഡ്വക്കേറ്റ് സുജിത് കൂനൻ അഭിപ്രായപ്പെടുന്നു. സാധാരണ ക്രിമിനൽ കേസുകളിൽ എഫ്.ഐ.ആർ തയ്യാറാക്കിയാലുടൻ പ്രതികളെ കസ്റ്റഡിയിലെടുക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്ന പതിവുണ്ട്. എന്നാൽ ഈ കേസിൽ എഫ്.ഐ.ആർ തയ്യാറാക്കി അന്വേഷണം ആരംഭിച്ചതായി പൊലീസ് പറയുന്നുണ്ടെങ്കിലും ആരുടെയും അറസ്റ്റ് രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ കേസന്വേഷണം ശരിയായ ദിശയിൽ നടക്കുന്നുണ്ടോ എന്നതിൽ സംശയമുണ്ട്." സുജിത്ത് പറയുന്നു.

സുപ്രീം കോടതി അഭിഭാഷകൻ രാജീവ് ധവാന്റെ നിരീക്ഷണം ഇങ്ങനെ. "പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾക്കുമേൽ കുറ്റകരമായ ഇടപെടൽ നടന്നതായി അനുമാനിക്കപ്പെട്ടാൽ ഈ നിയമപ്രകാരം വിചാരണ നടപടികൾ വേഗത്തിൽ നടക്കും. പൊതുഭൂമിയ്ക്കും വനത്തിനും മേൽ ചൂഷണം വ്യാപകമാകുമ്പോൾ അതിനെതിരായുള്ള ആദിവാസി-ദളിത് വിഭാഗങ്ങളുടെ പോരാട്ടങ്ങൾക്ക് ശക്തി പകരുന്നതാണ് ഈ നിയമം. ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്ന പെസ നിയമത്തിന്റെ കൂടെ ഇത് ഉപയോഗിച്ച് തങ്ങളുടെ കൂട്ടായ്മകളെ ശക്തിപ്പെടുത്താനാണ് ആദിവാസി ജനത ശ്രമിക്കേണ്ടത്."

പതിനാല് വർഷത്തിനിടയിൽ നിരവധി അന്വേഷണങ്ങളും പഠനങ്ങളും പ്ലാച്ചിമടയിലെ ജലചൂഷണവും മലിനീകരണവുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ട്. കമ്പനിക്ക് ലൈസൻസ് നിഷേധിച്ചുകൊണ്ടുള്ള പെരുമാട്ടി പഞ്ചായത്തിന്റെ നടപടിയെ തുടർന്നുള്ള നിയമയുദ്ധം സുപ്രീം കോടതി വരെയെത്തി അനിശ്ചിതമായി നീളുന്നു. മലിനീകരണത്തിനെതിരെ നടപടി എടുക്കാനുള്ള നിയമപരമായ അധികാരവും ബാധ്യതയുമുള്ള മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയുടെ തന്ത്രപരമായ തടസ്സവാദങ്ങൾക്ക് മുന്നിൽ മുട്ടുമടക്കുന്നു. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന സർക്കാറിനുള്ള അധികാരത്തെ മാനിക്കാതെ കേന്ദ്രം പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ല് തുടർച്ചയായി തിരിച്ചയയ്ക്കുന്നു. അധികാരസ്ഥാപനങ്ങൾ നീതിനിർവ്വഹണത്തിൽ പരാജയപ്പെടുമ്പോൾ പോരാട്ടം തുടരാനും നീതി തേടാനുമുള്ള മറ്റൊരു വഴിയെന്ന നിലയിലാണ് എസ്.സി-എസ്.ടി നിയമം പ്ലാച്ചിമടയിലെ ആദിവാസി ജനത ഉപയോഗിച്ചിരിക്കുന്നത്. കൊക്കക്കോള കമ്പനിക്കെതിരെ കോടതിയിൽ കുറ്റം തെളിയിക്കപ്പെടുകയാണെങ്കിൽ, കമ്പനി ശിക്ഷിക്കപ്പെടുകയാണെങ്കിൽ കോർപ്പറേറ്റ് വിഭവചൂഷണത്തിനെതിരായ ആഗോള സമരങ്ങൾക്ക് ശക്തി പകരുന്ന ഒന്നായി അതുമാറും. ഒപ്പം പ്ലാച്ചിമടയിലെ ജനങ്ങൾക്ക് ആശ്വാസ നീതിയും. ■